**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 531** **20-03-2023 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും, നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരൻമാരിൽ അവബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | നീർത്തടാടിസ്ഥാനത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച്) ഹരിതകേരളംമിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു. |
| (ബി) | ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുന്നതിനും മലിനീകരണം തടയുന്നതിനും വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും, നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരൻമാരിൽ അവബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ |

| | | | |
|---|---|---|---|
| | | | സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കും.<br><br>നീർത്തടാടിസ്ഥാനത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച്) ഹരിതകേരളംമിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോതും, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കാത്തത് മൂലം മാലിന്യമുക്തമാക്കപ്പെട്ട ജലസ്രോതസ്സുകളിൽ വീണ്ടും മാലിന്യം നിറയുന്ന സാഹചര്യം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ; | (സി) | മാലിന്യമുക്തമാക്കപ്പെട്ട ജലസ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഴക്കാലത്ത് ഓടകളിൽ നിന്നും മറ്റും വൻതോതിൽ മലിനജലം/മാലിന്യം നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത്, സ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നതിന് കാരണ മാവുന്നുണ്ട്. കൂടാതെ മലിനീകരണത്തിനെതിരെ പൗരൻമാരിൽ അവബോധം വളർത്തിയെടുക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കേണ്ടതായും. ശുചീകരിച്ച ഭാഗങ്ങൾ ജനങ്ങളുടെ തന്നെ നിയന്ത്രണത്തിലേക്ക്, മാറ്റുകയും ചെയ്യാവുന്നതാണ്. ഇവയുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടനകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, കൃഷി, വിനോദസഞ്ചാരം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും വേണം. ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുക്കുവാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കേരള വാട്ടർ കൺസർവേഷൻ ആക്റ്റ് പ്രകാരം, പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ, ജലസേചന വകുപ്പ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ പരാതി നൽകുകയും, പോലീസ് വിഭാഗം തുടർ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ഡി) | ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുവാനും ജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുവാനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും, നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കും.<br><br>നീർത്തടാടിസ്ഥനത്തിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച്) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട് . ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംഭരണശേഷി/വാഹകശേഷി നിലനിർത്തുന്നതിനും, ശുചീകരണത്തിനുമുള്ള നടപടികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേനയും ജലസേചന വകുപ്പ് മുഖേനയും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇതുവഴി നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതിലൂടെ മലിനീകരണത്തിന്റെ തോത്, ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. കായലുകൾ/വലിയ ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ പ്രധാന കളയായ കുളവാഴ നീക്കം ചെയ്ത് ജലശുദ്ധി നിലനിർത്തുന്ന പ്രവർത്തനവും നിർവ്വഹിച്ചു വരുന്നു.<br><br>കേരളത്തിലൂടെ ഒഴുകുന്ന 44 നദികളിലെയും ജല സാമ്പിളുകൾ എല്ലാ മാസവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് |

| | | | |
|---|---|---|---|
| | | | ഗുണനിലവാര പരിശോധന ദേശീയ സംസ്ഥാന പദ്ധതികളുടെ ഭാഗമായി നടത്തിവരുന്നു. നദികളുടെ വിവിധ സ്ഥലങ്ങളിലായി 365 സാമ്പിളിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട് . ആയതിന്റെ ഫലം Water and Air Quality Directory ആയി പ്രസിദ്ധീകരിക്കുന്നു. ആയത് ബോർഡിന്റെ Website-ലും ലഭ്യമാണ്. ഗുണ നിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ തുടർ നടപടി സ്വീകരിക്കുന്നുണ്ട് .<br><br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 Polluted River Stretches ൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കും വിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ OA No.673/2018-ൽ 20.09.2018 -ലെ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റു ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ